**A**

# സമഗ്ര ശിക്ഷാ, കേരളം

## അർധവാർഷിക മൂല്യനിർണയം 2019-20

**705**

## സാമൂഹ്യശാസ്ത്രം

**ക്ലാസ് : 7** **സമയം: 2 മണിക്കൂർ**

***നിർദേശങ്ങൾ***

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനുട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കാനുള്ളതാണ്.
2. തന്നിട്ടുള്ള 10 പ്രവർത്തനങ്ങളിൽ ഏതെങ്കിലും 8 എണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.
3. തിരഞ്ഞെടുക്കുന്ന 8 പ്രവർത്തനങ്ങളിലെ എ, ബി, സി എന്നിങ്ങനെ നൽകിയിട്ടുള്ള എല്ലാ ഉപ ചോദ്യങ്ങൾക്കും ഉത്തരം എഴുതേണ്ടതാണ്.

---

**പ്രവർത്തനം 1**

■ **കേരളത്തിന്റെ സാമൂഹിക സാംസ്കാരിക മേഖലകളിൽ സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങൾ വലിയ പങ്ക് വഹിച്ചിട്ടുണ്ട്.**

എ). കേരളത്തിൽ സ്ത്രീകൾ നേരിട്ട ചൂഷണത്തിനെതിരെ, കണ്ടകൈ കുഞ്ഞാക്കമ്മയുടെ നേതൃത്വത്തിൽ നടന്ന സമരം ഏതായിരുന്നു?

ബി) പട്ടികയിലെ വിട്ടുപോയ ഭാഗങ്ങൾ ശരിയായ രീതിയിൽ പൂർത്തിയാക്കുക.

| പ്രഖ്യാപനങ്ങൾ | സാമൂഹ്യ പരിഷ്കർത്താവ് | സംഭവം/ സന്ദർഭം |
|---|---|---|
| 'വെൺനീചഭരണം' | വൈകുണ്ഠസ്വാമികൾ | (i) .................. |
| "വാദിക്കുവാനും ജയിക്കുവാനുമല്ല അറിയാനും അറിയിക്കുവാനുമാണ് ഈ സമരം" | (ii) .................. | സർവമത സമ്മേളനം |
| "ഞങ്ങളുടെ കുട്ടികൾക്ക് പഠിക്കാൻ സൗകര്യം നൽകിയില്ലെങ്കിൽ കാണായ പാടങ്ങളിലെല്ലാം മുട്ടിപ്പുല്ല് കുരുപ്പിക്കും" | (iii) .................. | (iv) .................. |

**പ്രവർത്തനം 2**

■ **സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങൾ പ്രവർത്തിച്ചിരുന്നത് അധ:സ്ഥിത വിഭാഗം ജനങ്ങളുടെ അവകാശത്തിനുവേണ്ടി മാത്രമായിരുന്നില്ല എല്ലാ വിഭാഗം ജനങ്ങളുടെയും അവകാശത്തിനു വേണ്ടി കൂടിയായിരുന്നു.**

എ). 'മതവിദ്യാഭ്യാസത്തോടൊപ്പം ഭൗതിക വിദ്യാഭ്യാസം നേടിയെങ്കിലെ മനുഷ്യപുരോഗതി സാധ്യമാവുകയുള്ളൂ' എന്ന് പ്രഖ്യാപിച്ച സാമൂഹ്യ പരിഷ്കർത്താവ് ആര്?

ബി). നമ്പൂതിരി സമുദായത്തിൽ സ്ത്രീകൾ അനുഭവിച്ചിരുന്ന അസമത്വത്തിനും വിവേചനത്തിനുമെതിരെ അതേ സമുദായത്തിൽ നിന്നുള്ളവർ തന്നെ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുന്ന ഒരു കുറിപ്പ് തയാറാക്കുക.

**പ്രവർത്തനം 3**

■ **ഇന്ത്യൻ സ്വാതന്ത്ര്യസമരം ചെറുത്തു നിൽപ്പുകളുടെയും പോരാട്ടങ്ങളുടെയും ചരിത്രമാണ്.**

എ) ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ മൂന്നാം ഘട്ടം (1919 മുതൽ 1947 വരെ) ഏതു പേരിൽ അറിയപ്പെടുന്നു?

ബി) ഇന്ത്യക്കാരായ നമ്മെ സംബന്ധിച്ച് ഒരിക്കലും മറക്കാൻ കഴിയാത്ത രണ്ടു വർഷങ്ങളാണ് 1919 ഉം 1947 ഉം നമ്മെ ഏറെ ദു:ഖത്തിലാഴ്ത്തിയ സംഭവത്തിന് സാക്ഷ്യം വഹിച്ച വർഷമാണ് 1919. നമുക്ക് സന്തോഷവും അഭിമാനവും നൽകിയ വർഷവുമാണ് 1947. ഈ സംഭവങ്ങൾ ഏതൊക്കെയാണ്?

സി). ഗാന്ധിജി ഇന്ത്യയിൽ നേതൃത്വപരമായ പങ്കുവഹിച്ച ആദ്യത്തെ സമരമായിരുന്നു ചമ്പാരൻ സത്യഗ്രഹം. ഈ സമരത്തെക്കുറിച്ച് ഒരു കുറിപ്പെഴുതുക.

**പ്രവർത്തനം 4.**

■ **ശിലകളും മണ്ണും കൊണ്ട് രൂപപ്പെട്ടിരിക്കുന്നതും ഖരാവസ്ഥയിലുള്ളതുമായ ഭാഗമാണ് ശിലാമണ്ഡലം.**

എ). കരയിലെ ഏറ്റവും ഉയരം കൂടിയ ഭാഗവും സമുദ്രത്തിലെ ഏറ്റവും ആഴം കൂടിയ ഭാഗവും ശിലാമണ്ഡലത്തിന്റെ ഭാഗം തന്നെയാണ്. അവ ഏതൊക്കെ?

ബി). ഭൂരൂപങ്ങളുടെ പ്രത്യേകതകളുമായി ബന്ധപ്പെട്ട് താഴെ തന്നിരിക്കുന്ന പട്ടിക പൂർത്തിയാക്കുക.

| പ്രത്യേകത | ഭൂരൂപം |
|---|---|
| (i)...................................... | സമതലങ്ങൾ |
| 900 മീറ്ററിലധികം ഉയരമുള്ളതും ചെങ്കുത്തായ വശങ്ങളോടുകൂടിയതുമായ ഭൂഭാഗമാണ് | (ii)................................ |
| (iii).................................... ........................................ | പീഠഭൂമികൾ |

**പ്രവർത്തനം 5**

■ **ഭൂമിയിലെ ജീവജാലങ്ങളെല്ലാം ഉൾപ്പെടുന്ന മണ്ഡലമാണ് ജൈവമണ്ഡലം. ഇതിന്റെ ഭാഗമാണ് ശിലാമണ്ഡലം, ജലമണ്ഡലം, വായുമണ്ഡലം എന്നിവ.**

എ). വായുമണ്ഡലം ജീവജാലങ്ങൾക്ക് എങ്ങനെയെല്ലാമാണ് ഉപകാരപ്പെടുന്നത്?

ബി). അന്തരീക്ഷം ഇന്ന് മലിനപ്പെട്ടുകൊണ്ടിരിക്കുന്നു. അന്തരീക്ഷത്തെ മലിനപ്പെടുത്തുന്നതെന്തെല്ലാമാണ്?

**പ്രവർത്തനം 6**

■ **ഒരുകാലത്ത് കേരളത്തിലെ വയലുകളിൽ നെൽകൃഷി സമൃദ്ധമായിരുന്നു.**

എ). നമ്മുടെ മുഖ്യ ആഹാരമായ നെല്ല് വിളയിച്ചെടുക്കുന്ന പാടങ്ങൾ നിലനിൽക്കുന്നതുകൊണ്ട് ആഹാര ലഭ്യതയ്ക്കു പുറമെ വേറെയും ഗുണങ്ങൾ ഉണ്ടായിരുന്നു. വയലുകളിൽ നെൽകൃഷി തന്നെ ചെയ്യുന്നതുകൊണ്ടുള്ള ഗുണങ്ങൾ എന്തെല്ലാം?

ബി). വയലുകൾ എങ്ങനെയെല്ലാമാണ് നശിപ്പിക്കപ്പെടുന്നത്?

പ്രവർത്തനം 7

■ ദാരിദ്ര്യ നിർമാർജ്ജനത്തിനായി സർക്കാർ തലത്തിൽ വിവിധങ്ങളായ പദ്ധതികളും പരിപാടികളും നടത്തിവരുന്നു.

എ) സ്വന്തമായി വരുമാനമില്ലാത്ത 65 വയസ്സിനു മുകളിൽ പ്രായമുള്ളവർക്ക് 10 കിലോഗ്രാം അരി സൗജന്യമായി നൽകുന്ന പദ്ധതി ഏതാണ്?

ബി). കേരളം ഭക്ഷ്യസ്വയംപര്യാപ്തതയില്ലാത്ത സംസ്ഥാനമാണ്. എന്നാൽ, ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനായി സർക്കാർ ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. കേരളത്തിലെ പൊതുവിതരണ സമ്പ്രദായം മികച്ചതാണെന്ന് സമർഥിക്കാൻ നിങ്ങൾക്കെന്തെല്ലാം വാദഗതികളാണ് ഉയർത്താനുള്ളത്?

പ്രവർത്തനം 8

■ അംഗീകൃത നിറങ്ങളും ചിഹ്നങ്ങളും നൽകിയാണ് ഭൗമോപരിതലത്തിലെ വിവിധ സവിശേഷതകൾ ചിത്രീകരിക്കുന്നത്.

എ ഉത്തരധ്രുവം



ബി

എ). ഗ്ലോബിൽ ഏറ്റവും കൂടുതലായി കാണപ്പെടുന്നത് നീല നിറമാണല്ലോ. ഈ നീല നിറം എന്തിനെയാണ് സൂചിപ്പിക്കുന്നത്?

ബി). ഗ്ലോബ് നിങ്ങൾ നിരീക്ഷിച്ചിട്ടുണ്ടാകുമല്ലോ. നിങ്ങൾ തിരിച്ചറിഞ്ഞ താഴെ പറയുന്ന കാര്യങ്ങൾ എന്താണെന്ന് എഴുതുക.

(i) ഏറ്റവും വലിയ അക്ഷാംശരേഖ ഏതു പേരിലാണ് അറിയപ്പെടുന്നത്?

(ii) ഭൂമിയുടെ ഉത്തരധ്രുവത്തെയും ദക്ഷിണ ധ്രുവത്തെയും ബന്ധിപ്പിച്ച് വരച്ചിരിക്കുന്ന രേഖകൾക്ക് പറയുന്ന പേരെന്താണ്?

(iii) ചിത്രത്തിൽ 'ബി' എന്ന് സൂചിപ്പിച്ചിരിക്കുന്നത് ഏതു ധ്രുവത്തെയാണ്?

(iv) ഗ്രീനിച്ച് രേഖ എത്ര ഡിഗ്രിയിലൂടെയാണ് കടന്നു പോകുന്നത്?

പ്രവർത്തനം 9.

■ ഒരു പ്രദേശത്തെക്കുറിച്ചുള്ള വിവരങ്ങൾ മനസ്സിലാക്കാൻ രേഖാചിത്രങ്ങളും സ്കെച്ചും നമ്മെ സഹായിക്കും.

എ). താഴെ പറയുന്ന സൂചനകൾ രേഖാചിത്രം, പ്ലാൻ ഇവയിൽ ഏതിലാണ് ഉണ്ടാവുക?

i) കൃത്യമായ അളവുകൾ, ദിക്കുകൾ ..........................................................

ii) പൊതുവായ ദിശാസൂചകം ഉണ്ടാകില്ല ..............................................

ബി) നിങ്ങളുടെ ക്ലാസ് മുറിയുടെ പ്ലാൻ തയാറാക്കണമെങ്കിൽ എന്തെല്ലാം വിവരങ്ങൾ നിങ്ങൾക്ക് ആവശ്യമുണ്ട്?

സി). വിസ്തൃതി കൂടിയ പ്രദേശങ്ങളുടെ കൃത്യവും വ്യക്തവുമായ ചിത്രീകരണങ്ങളെ പറയുന്ന പേരെന്ത്?

**പ്രവർത്തനം 10.**

■ **സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പോരാട്ടങ്ങൾ ഇന്ത്യയുടെ വിവിധഭാഗങ്ങളിൽ നടന്നിട്ടുണ്ട്.** സമരത്തോടനുബന്ധിച്ചുണ്ടായ ചില സംഭവങ്ങളാണ് ചുവടെ ചേർത്തിരിക്കുന്നത്. ഈ സംഭവങ്ങൾ ഓരോന്നും ഏതു സംസ്ഥാനത്തിൽ ആണ് നടന്നതെന്ന് ഭൂപടത്തിൽ തിരിച്ചറിഞ്ഞ് ഷെയ്ഡ് ചെയ്യുകയും സംഭവം എഴുതി ചേർക്കുകയും ചെയ്യുക.

* ചമ്പാരൻ സത്യാഗ്രഹം
* ഖേഡ സമരം
* ജാലിയൻ വാലാബാഗ് കൂട്ടക്കൊല
* ചൗരി ചൗരാ സംഭവം
* മലബാർ കലാപം